# അൽമായവേദി

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ മുഖപത്രം

പ. മാത്യൂസ് ദ്വിതീയൻ ബാവായുടെ 40-ാം ദിന അടിയന്തിര സപ്ലിമെന്റ് | മാർച്ച് 4 | പേജ് 2

### മുഖലേഖനം

## സഭാതർക്കത്തിലെ സർക്കാർ ഇടപെടൽ

മലങ്കര ഓർത്തഡോക്സ് സഭയുടെ വടക്കൻ ഭദ്രാസനങ്ങളിലെ ചില പള്ളികൾ ക്രമസമാധാന പ്രശ്നം മൂലം പൂട്ടിക്കിടന്നവ തുറക്കുവാൻ എന്ന പേരിൽ സർക്കാർ നടത്തുന്ന ശ്രമങ്ങളുടെ പിന്നിലുള്ള ദുരുദ്ദേശ്യം പലർക്കും മനസ്സിലാകാത്തതിനാൽ അതിലെ വസ്തുതകൾ വെളിച്ചത്തു കൊണ്ടുവരേണ്ടത് മാധ്യമധർമ്മമാണ്. നിർഭാഗ്യവശാൽ മുഖ്യധാരാ മാധ്യമങ്ങൾ വസ്തുതകൾ ശരിയായ വെളിച്ചത്തിൽ റിപ്പോർട്ടു ചെയ്യുന്നില്ല.

ദേവാലയങ്ങൾ പൂട്ടിക്കിടക്കുന്നതിനെ ആരും അനുകൂലിക്കുകയില്ല. ക്രമസമാധാന പ്രശ്നങ്ങൾ ഉന്നയിച്ച് ദേവാലയങ്ങൾ പൂട്ടാനുത്തരവിട്ട ഗവൺമെന്റ് ഇപ്പോൾ തിടുക്കത്തിൽ എങ്ങിനെയും അവ തുറക്കണമെന്ന് പറയുന്നതും, അത് തിരഞ്ഞെടുപ്പ് പടികടന്നെത്തിയപ്പോഴാണെന്നതും കൂട്ടി വായിക്കുമ്പോൾ രാഷ്ട്രീയ കുറുക്കന്മാരുടെ കണ്ണ് ഏതു കോഴിക്കൂട്ടിലാണെന്നത് വ്യക്തമാണല്ലോ. "കൈമാറ്റം ചെയ്യപ്പെടാവുന്ന വോട്ടുകൾ" കയ്യിലുണ്ടെന്ന ധാരണ പരത്തുന്നതിൽ വിജയിച്ചിട്ടുള്ള പുത്തൻകുരിശു വിഘടിത വിഭാഗത്തിന്റെ കുഴലൂത്തിനനുസരിച്ച് നൃത്തം ചെയ്യുന്നതും കൂട്ടിച്ചേർത്തു വയ്ക്കുമ്പോൾ ചിത്രം ഏതാണ്ട് പൂർണ്ണമാകും. കടമറ്റത്തും കോലഞ്ചേരിയിലും വിഘടിതരുടെയും ഓർത്തഡോക്സ് സഭയിലെ ചില അഞ്ചാം പത്തികളുടെയും പിന്തുണയോടെ പോലീസ് സന്നാഹങ്ങളെ ദുരുപയോഗപ്പെടുത്തിയും ഓർത്തഡോക്സ് സഭയുടെ നിയമാനുസൃത നേതൃത്വത്തെ മൂലക്കൊതുക്കിയും നടത്തിയ പൊറാട്ടുനാടകങ്ങൾ മറ്റു പള്ളികളിലും ആവർത്തിക്കുവാനാണ് ഇപ്പോഴത്തെ സന്നാഹങ്ങൾ.

ഓർത്തഡോക്സ് സഭ ലജ്ജിച്ച് തല താഴ്ത്തേണ്ടത് രണ്ടു കൂട്ടരെക്കുറിച്ചാണ്. സഭയുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ ഒരു ചെറുവിരൽ പോലുമനക്കാത്ത അൽമായ നേതൃത്വമാണ് ഇതിലൊന്ന്. സഭയുടെ മേൽ നടത്തുന്ന കുതിരകയറ്റങ്ങൾക്ക് ചൂട്ടുപിടിച്ച് തങ്ങളുടെ രാഷ്ട്രീയ നേതൃത്വത്തെ സുഖിപ്പിക്കുവാനും അതിലൂടെ നേട്ടങ്ങൾ സ്വന്തമാക്കുവാനും ഇറങ്ങിത്തിരിച്ചിരിക്കുന്ന ചില ഉപജാപക സംഘങ്ങളാണ് രണ്ടാമത്തേത്. ഇപ്പറഞ്ഞ സംഘങ്ങൾക്ക് പിന്നിൽ നിന്ന് ചരടുവലിക്കുന്ന അഭിനവ റാസ്പൂട്ടിന്മാരെയും കണ്ടില്ലെന്ന് നടിക്കാനാവില്ല (റഷ്യൻ വിപ്ലവത്തിനു മുൻപ് സാർ ചക്രവർത്തിമാരുടെ ദുർഭരണത്തിന് കൂട്ടുനിന്ന അർദ്ധസന്യാസിയായ റാസ്പുട്ടിൻ, വിപ്ലവാനന്തര ഗവൺമെന്റിന്റെ തീഷ്ണപീഢനങ്ങൾ റഷ്യൻ ഓർത്തഡോക്സ് സഭയ്ക്കുമേൽ വന്നു പതിപ്പിച്ച ചരിത്രം ഇത്തരുണത്തിൽ സ്മരണീയമാണ്). സന്യാസിവേഷം എന്നത് രാഷ്ട്രീയ പിന്നാമ്പുറക്കളികളിലൂടെ നേട്ടങ്ങൾ കൊയ്യുവാനുള്ള മറയാക്കി കൊണ്ടു നടക്കുന്നവരെയും അവരുടെ കുട്ടിക്കുരങ്ങന്മാരായി ചുടുചോറു വാരാനിറങ്ങുന്നവരെയും വിശ്വാസികൾ തിരിച്ചറിയുമെന്ന് മനസ്സിലാക്കുന്നത് ഏവർക്കും നന്ന്.

ഇതരസമുദായങ്ങളിലെ രാഷ്ട്രീയ നേതാക്കൾ തങ്ങളുടെ സമുദായങ്ങളോട് പ്രതിബദ്ധത പുലർത്തുന്നവരാണ്. സി. എം. സ്റ്റീഫൻ, ഇ. ജോൺ ജേക്കബ്, ഇ. എം. ജോർജ്ജ് തുടങ്ങിയ ഓർത്തഡോക്സ് സഭാംഗങ്ങളായ വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ സഭയുടെ ഉത്തമ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ പ്രവർത്തിച്ചിരുന്നു. എന്നാൽ ഇന്നത്തെ ഓർത്തഡോക്സ് സഭക്കാരായ രാഷ്ട്രീയ നേതാക്കൾ സഭയിൽ നിന്ന് എന്ത് നേട്ടമുണ്ടാക്കാം എന്നതല്ലാതെ സഭയുടെ നീതിപൂർവ്വകമായ കാര്യങ്ങളിൽ പോലും സഭയ്ക്കുവേണ്ടി പ്രവർത്തിക്കുവാൻ സന്നദ്ധരല്ല. ഈ സ്ഥിതിവിശേഷം എങ്ങനെയുണ്ടായി എന്നും ഇതിന് പരിഹാരമെന്തെന്നും സഭയുടെ എല്ലാ തലങ്ങളിലും പര്യാലോചന നടക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

സഭാവർക്കിംഗ് കമ്മിറ്റിയും മാനേജിംഗ് കമ്മിറ്റിയും സന്ദർഭോചിതമായി പ്രവർത്തനരംഗത്ത് വരാഞ്ഞപ്പോൾ ധീരമായ നിലപാടോടെ രംഗത്തുവന്ന പ. എപ്പിസ്കോപ്പൽ സുന്നഹദോസിന് വിശ്വാസികൾ കലവറയില്ലാതെ പിന്തുണ നൽകുക തന്നെ ചെയ്യും.

## ചർച്ച നടത്തിയത് ആരെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണം: അൽമായവേദി

കോട്ടയം: ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച് പള്ളികൾ തുറക്കുവാൻ ഔദ്യോഗിക സ്ഥാനികൾ ആരും മുഖ്യമന്ത്രിയുമായി ചർച്ച നടത്തിയിട്ടില്ല എന്നു പ. സുന്നഹദോസ് സെക്രട്ടറിയും വൈദിക ട്രസ്റ്റിയും വ്യക്തമാക്കിയ സ്ഥിതിക്ക് ആരാണ് ഓർത്തഡോക്സ് സഭാപ്രതിനിധിയായി മുഖ്യമന്ത്രിയുമായി ചർച്ച നടത്തിയതെന്ന് ശ്രീ. ഉമ്മൻ ചാണ്ടി വെളിപ്പെടുത്തണമെന്ന് അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി ആവശ്യപ്പെട്ടു.

"മുഖ്യമന്ത്രി കള്ളം പറഞ്ഞു എന്ന് ഞങ്ങൾ വിശ്വസിക്കുന്നില്ല. സഭ ഔദ്യോഗികമായി ആരെയും ചുമതലപ്പെടുത്തിയിട്ടുമില്ല. ഈ സ്ഥിതിയിൽ സ്വയം സഭാപ്രതിനിധികൾ ചമഞ്ഞ് ആരെങ്കിലും ചർച്ച നടത്തിയിട്ടുണ്ടാവാം. അത്തരം യൂദാസുകളെ പുറത്തുകൊണ്ടു വരേണ്ടത് സഭയുടെ ആവശ്യമാണ്. അവർ ആരെന്നു പറയാൻ മുഖ്യമന്ത്രിക്കേ കഴിയൂ. മുഖ്യമന്ത്രിയുടെ സത്യസന്ധത നിലനിർത്താൻ അവരുടെ പേരുകൾ വെളിപ്പെടുത്തണം" അൽമായവേദി പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

സഭയുടെ അനുവാദം കൂടാതെ സ്വയം സഭയെ പ്രതിനിധീകരിച്ച് ആരെങ്കിലും ഇത്തരം ചർച്ച നടത്തിയിട്ടുണ്ടെങ്കിൽ അവരുടെ പേരിൽ നടപടിയെടുക്കണമെന്ന് പ. സുന്നഹദോസിനോട് അൽമായവേദി അഭ്യർത്ഥിച്ചു.

## മുല്ലപ്പെരിയാർ ഡാം പങ്കുവയ്ക്കുമോ?


കേരളത്തിന്റേയും തമിഴ്നാടിന്റെയും സാമൂഹികപ്രശ്നമായ മുല്ലപ്പെരിയാർ ഡാം ഭൂരിപക്ഷ വിഭാഗമായ തമിഴ്നാടിന് വിട്ടുകൊടുക്കുകയോ ഭാഗം വെയ്ക്കുകയോ ചെയ്യുവാൻ കേരളാ ഗവൺമെന്റും മാധ്യമങ്ങളും തയ്യാറാവാത്തതെന്ത്? സഭാ സംബന്ധമായ സുപ്രീംകോടതി വിധി തമസ്കരിക്കുന്ന ഭരണക്കാർക്ക് മുല്ലപ്പെരിയാർ ഡാം വിധിയും തമസ്കരിക്കേണ്ടി വരുമല്ലോ?

"സഭയുടെ എഴുതപ്പെട്ട പാരമ്പര്യമാണ് ബൈബിൾ. സഭയുടെ എഴുതപ്പെടാത്ത ബൈബിളാണ് പാരമ്പര്യം."

**പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ**

## പുത്രധർമ്മവും ശ്രാദ്ധവും

**എം. കുര്യൻ തോമസ്**



ലോകമെങ്ങുമുള്ള ഓർത്തഡോക്സ് സഭകൾ ദേശീയ സഭകളാണ്. ദേശീയമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും ക്രൈസ്തവ തത്വങ്ങളുമായി സമഞ്ജസിപ്പിച്ച് അവയെ വിശ്വാസത്തിന്റെ ഭാഗമായാണ് ഓർത്തഡോക്സ് സഭകൾ കണക്കാക്കുന്നത്.

മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുകയും ചെയ്യുന്നത് ഓർത്തഡോക്സ് വിശ്വാസസംഹിതയുടെ അടിസ്ഥാന തത്വങ്ങളിലൊന്നാണ്. മലങ്കരസഭയുടെ മരണാനന്തരകർമ്മങ്ങളിൽ കാണുന്ന ദേശീയമായ അംശങ്ങളും - ഇതര ഓർത്തഡോക്സ് സഭകളിൽ ഇല്ലാത്തവ - ഓർത്തഡോക്സ് പാരമ്പര്യമാണ്. അവയിൽ ശ്രദ്ധേയമായവയാണ് അടിയന്തരവും ശ്രാദ്ധവും.

വേദപുസ്തക അടിസ്ഥാനത്തിൽ ഒരാളുടെ മരണശേഷം മൂന്ന്, ഒൻപത്, നാൽപ്പത് എന്നീ ദിനങ്ങൾക്ക് പ്രാധാന്യമുണ്ട്. ദേശീയമായി ലഭിച്ച മുപ്പതാം ദിവസവും മലങ്കരസഭയ്ക്ക് പ്രധാനമാണ്. ഇവയിൽ വി. കുർബാന, ധൂപപ്രാർത്ഥന മുതലായ വൈദികകർമ്മങ്ങൾ ഒഴിവാക്കിയാൽ 30, 40 ദിവസങ്ങളിൽ നടക്കുന്ന അടിയന്തിര സദ്യയ്ക്കും പ്രാധാന്യമുണ്ട്.

ദേശീയപാരമ്പര്യമനുസരിച്ച് ഒരാൾ മരിച്ചാൽ പിൻതുടർച്ചക്കാർക്ക് 40 ദിവസം *പുലയും വാലായ്മ*യുമുണ്ട്. ഇക്കാലത്ത് അസസ്യഭക്ഷണം, ക്ഷൗരം, സഹശയനം എന്നിവ നിഷിദ്ധമാണ്. ഇതോടൊപ്പം തന്നെ ഒരാളുടെ മരണശേഷം പിൻതുടർച്ചക്കാർക്ക് അസ്പർശ്യതാ ദോഷമുണ്ട്. അതിനാൽ ശവസംസ്ക്കാരശേഷം കുറച്ചുദിവസം ബന്ധുക്കൾ ഒരുമിച്ചു താമസിക്കുകയും ഒരു പ്രത്യേക ദിവസം എല്ലാവരും കുളിച്ച് അസ്പർശ്യതാ ദോഷം ഒഴിവാക്കുകയും ചെയ്യും. *പുലകുളി* എന്ന ഈ ചടങ്ങ് ഇന്ന് ഏതാണ്ട് അപ്രത്യക്ഷമായിരിക്കുകയാണ്.

എന്നാൽ *പുലകുളി*കൊണ്ട് *പുല* വീടുന്നില്ല. അത് 40 ദിവസം വരെ തുടരും. അക്കാലത്ത് വിവാഹാദിഅഘോഷച്ചടങ്ങുകൾ നടത്തുകയോ പങ്കെടുക്കുകയോ ചെയ്യില്ല. *വാലായ്മ* ഉള്ളതിനാലാണിത്. അതിനാലാണ് 30-ാം അടിയന്തിരം സസ്യഭക്ഷണമായി ക്രമീകരിച്ചിരിക്കുന്നത്. 40 -ാം ദിവസം പുലവീടുന്നതിനാൽ അന്ന് അസസ്യഭക്ഷണവും ക്രമീകരിച്ചിരിക്കുന്നു.

പിൻതലമുറക്കാരാണ് അടിയന്തിരാദി ശേഷക്രിയകൾ ചെയ്യേണ്ടത്. ഇത് മലങ്കര നസ്രാണികളുടെ പൂർവകാലം മുതലുള്ള പാരമ്പര്യമാണ്. 7-ാം മാർത്തോമ്മാ പുത്തൻകാവുപള്ളിക്കയച്ച ഒരു കല്പനയിലെ *ആണായാലും പെണ്ണായാലും മക്കൾക്കത്രെ ശേഷക്രിയയ്ക്കും സമ്പാദ്യത്തിനുമുള്ള അവകാശം* എന്ന പ്രസക്തവാക്യം ഈ വസ്തുത ശരിവയ്ക്കുന്നുണ്ട്.

മലങ്കരനസ്രാണികൾക്ക് ജാതിക്കുതലവനായ സഭാതലവൻ, മഹാപുരോഹിതൻ മാത്രമല്ല പിതൃസ്ഥാനീയനുമാണ്. അതിനാൽ പുത്രധർമ്മം എന്ന നിലയിലാണ് നസ്രാണികൾ കാതോലിക്കാമാരുടെ അടിയന്തിരാദികർമ്മങ്ങൾ നടത്തുന്നതും പങ്കുകൊള്ളുന്നതും. അതിനാലാണ് മലങ്കരസഭാതലവന്മാരുടെ അടിയന്തിരങ്ങൾ ജനബഹുലമായിത്തീരുന്നത്. 20-ാം നൂറ്റാണ്ടിൽ കേരളം കണ്ട ഏറ്റവും വലിയ അടിയന്തിരങ്ങൾ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് V, പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് VI, പ. കല്ലാശ്ശേരി ബാവാ, പ. വട്ടക്കുന്നേൽ ബാവാ എന്നിവരുടെ 30 അടിയന്തിരങ്ങളായിരുന്നു. പിൻഗാമിയുടെ മേൽനോട്ടത്തിൽ മലങ്കരയിലെ എല്ലാ പള്ളിക്കാരുടെയും ചുമതലയിലാണ് ഇവരുടെ അടിയന്തിരത്തിനുള്ള വിഭവങ്ങൾ സമാഹരിച്ചതും അടിയന്തിരം നടത്തിയതും.1808-ൽ വലിയ മാർ ദീവന്നാസ്യോസിന്റെ അടിയന്തിരം കോട്ടയം മുതൽ ചാത്തന്നൂർ വരെയുള്ള പള്ളിക്കാർ വരിയിട്ടെടുത്താണ് നടത്തിയതെന്ന് സമകാലീന രേഖകൾ സാക്ഷിക്കുന്നു.

പിതൃസ്ഥാനീയൻ എന്ന നിലയിൽ പ. കാതോലിക്കാ ബാവായുടെ മരണം മൂലം മലങ്കര നസ്രാണികൾക്കു മുഴുവൻ *പുലയും വാലായ്മ*യും ബാധകമാകുന്നു. ഇക്കാലത്ത് വെടി, ചെണ്ട മുതലായവ ഒഴിവാക്കി പെരുന്നാൾ ആർഭാടരഹിതമാക്കി നടത്തുന്നത് ഈ *വാലായ്മ* മൂലമാണ്.

കുന്നംകുളത്ത് രസകരമായ ഒരാചാരമുണ്ട്. എല്ലാ വർഷവും ദനഹാ പെരുന്നാളിന് വീടിനു മുൻപിൽ വാഴപ്പിണ്ടി നാട്ടി അതിൽ ചെറിയ എണ്ണ വിളക്കുകൾ കുത്തി കത്തിക്കും. ഈ ആചാരം മൂലം *പിണ്ടിപ്പെരുന്നാൾ* എന്ന പേരിലാണ് ദനഹ അവിടെ അറിയപ്പെടുന്നത്. എന്നാൽ ആരെങ്കിലും മരിച്ചാൽ ആ വീട്ടിൽ അടുത്ത ദനഹായ്ക്ക് പിണ്ടിവിളക്കു കത്തിക്കുകയില്ല. പിണ്ടിവിളക്കു കത്താത്ത വീടു നോക്കിയാൽ തലേ വർഷം ആരെങ്കിലും മരിച്ചിട്ടുണ്ടോ എന്നറിയാം. അവിടെ മലങ്കര മെത്രാപ്പോലീത്താമാരും കാതോലിക്കമാരും കാലംചെയ്താൽ പിറ്റേവർഷം ദനഹായ്ക്ക് ഒരു വീട്ടിലും പിണ്ടിവിളക്ക് കത്തിക്കില്ലായിരുന്നു. മലങ്കര നസ്രാണികളുടെ പൊതു പുത്രസ്ഥാനത്തിന്റെ ലക്ഷണമായി വേണം ഇതിനെ കണക്കാക്കാൻ.

ലഭ്യമായ ചരിത്രം പരിശോധിച്ചാൽ മലങ്കര സഭാദ്ധ്യക്ഷന്മാരുടെ 30-ാം ദിന അടിയന്തിരത്തിനാണ് കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നതും ആഘോഷിച്ചിരുന്നതും എന്നു കാണാം. ഇത്ര വിപുലമായ ഒരു സദ്യയ്ക്ക് അസസ്യഭക്ഷണം ഒരുക്കുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകളാവാം ഇവരുടെ 40-ാം ദിവസ അടിയന്തിരത്തിനു പ്രാധാന്യം ലഭിക്കാതെ പോയത്. 30-ാം ദിവസത്തിനു ലഭിച്ച പ്രാധാന്യത്തിന് ഒരു ദേശീയ പശ്ചാത്തലം ഇല്ലേയെന്നും സംശയിക്കേണ്ടിയിരിക്കുന്നു.

മലങ്കര നസ്രാണികളുടെ മേലുള്ള പാശ്ചാത്യ ബൗദ്ധിക അധിനിവേശം *ചാത്തവും പുലയും* ഒഴിവാക്കാൻ ശ്രമിക്കുമ്പോഴും, നസ്രാണികളുടെ സിരകളിലോടുന്ന ജാത്യാഭിമാനത്തിന്റെ ദേശീയ രക്തം തങ്ങളുടെ പിതാക്കന്മാരുടെ അടിയന്തിരാദികളിൽ ലോപം കാണിക്കുന്നില്ല എന്നത് ഒരാശ്വാസമാണെന്നു കണക്കാക്കണം.

q

# ആരാണ് സഭാവിരുദ്ധർ?

കെ. വി. ഏബ്രഹാം കൊടുവത്ത്

അൽമായവേദിയിലെ അംഗങ്ങൾ അധികവും പല രാഷ്ട്രീയ പാർട്ടികളിൽ വിശ്വസിക്കുന്നവരാണ്. എന്നാൽ സഭയെ രാഷ്ട്രീയനേട്ടത്തിന്റെ ജൈവസങ്കേതമാക്കാനുള്ള ചില തത്പരകക്ഷികളുടെ നടപടിയെ ഞങ്ങൾക്കംഗീകരിക്കുവാൻ നിർവ്വാഹമില്ല.

സത്യത്തിനും നീതിക്കും നീതിന്യായ തീർപ്പുകൾക്കും വില കൽപ്പിക്കാതെ ചില രാഷ്ട്രീയ, വ്യവസായികളുടെ ബിനാമികൾ ഇതിനു മുൻപും സഭയിലെ തിരുമേനിമാരെയും ബാവാമാരെയും തേജോവധം ചെയ്തിട്ടുണ്ട്. എ. കെ. ആന്റണിയുടെ ഭരണകാലത്ത് "യോനയെ വിഴുങ്ങിയ തിമിംഗലം" എന്ന വാർത്തയും കത്തും പരിശുദ്ധ ബാവാ തിരുമേനിയുടെ ഇറച്ചിക്കു വിലയിട്ടതും ബദൽ കാതോലിക്കായെ വാഴിച്ചതിലും പിന്നീട് പാത്രിയർക്കീസിനെ അനധികൃതമായി വരുത്തിയതിലും ആലുവാ പ്രശ്നത്തിന്റെ പേരിൽ ബാവാമാരെ മാധ്യമങ്ങൾ വഴി അധിക്ഷേപിച്ചവരും ഈ രാഷ്ട്രീയ ഭിക്ഷാംദേഹികളായ ഉപദേഷ്ടാക്കന്മാരായിരുന്നു എന്നു അൽമായവേദി പല വേദികളിലും പ്രഖ്യാപിച്ചിട്ടുണ്ട്, പ്രതികരിച്ചിട്ടുണ്ട്. അതുകൊണ്ടു തന്നെ അൽമായവേദിക്കു മാധ്യമസാന്നിധ്യം ഇല്ലാതായി. ആയതുകൊണ്ടാണ് ഈ പ്രസിദ്ധീകരണം ആരംഭിച്ചത്. ഇതു തുടങ്ങിയശേഷം "എന്റെ പേരെടുത്ത് അനേകർ വരും" എന്ന വേദവാക്യം പോലെ അൽമായവേദിയുടെ പേരിൽ സഭയേയും സഭാപിതാക്കന്മാരെയും ആക്ഷേപിക്കുന്ന വ്യാജ വാർത്തകൾ മാധ്യമങ്ങൾ മുഖേന പ്രചരിപ്പിക്കുന്നു.

സഭാസംബന്ധമായി തിരഞ്ഞെടുക്കപ്പെട്ട മാനേജിംഗ് കമ്മറ്റിയുടേയും വിശ്വാസികളുടെയും വികാരം മനസ്സിലാക്കാത കഴിഞ്ഞ 25 വർഷത്തിലധികം പ. സുന്നഹദോസിനെയും പ. ബാവാതിരുമേനിമാരെയും തെറ്റിദ്ധരിപ്പിച്ച് സഭയെ രണ്ടോ അതിലധികമോ ആക്കാൻ ശ്രമിച്ച രാഷ്ട്രീയ മാധ്യമ ലോബിയുടെ നിയന്ത്രണത്തിനെതിരെ ഒരു മെത്രാനെങ്കിലും ന്യായമായി പ്രതികരിച്ചിരുന്നെങ്കിൽ ഈ സഭയിലെ പ്രതിസന്ധി പരിഹരിക്കപ്പെടുമായിരുന്നു. അൽമായരുടെ ഈ ആർത്തനാദത്തെ തച്ചുടയ്ക്കാൻ പോലീസിനെയും ഗുണ്ടകളെയും ഉപയോഗിച്ച അവസരങ്ങളും ഉണ്ടായിട്ടുണ്ട്. അപ്പോഴും സാന്ത്വനമരുളി ശാന്തരാക്കി ഞങ്ങളെ അയച്ച പിതാക്കന്മാർ തീവ്രവാദികളാകുന്നതെങ്ങനെ?

കോടതി ഉത്തരവുകളനുസരിച്ച് ന്യായമായ അവകാശം സംരക്ഷിക്കാൻ ഗവൺമെന്റിനും രാഷ്ട്രീയ പാർട്ടികൾക്കും സാധിക്കുന്നില്ലെങ്കിൽ പിന്നെ എന്തിനാണ് ജനാധിപത്യത്തിൽ നിയമ നിർമ്മാണവും നീതിന്യായ നിർവ്വഹണ സംവിധാനങ്ങളും?

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് രൂപീകരിച്ചതും പ്രവർത്തിച്ചതും ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടിയാണ്. മലങ്കര നസ്രാണിയും കൂനൻകുരിശു മുതൽ സഭാസ്വാതന്ത്ര്യത്തിനുവേണ്ടി പോരാടുന്നു. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ ഇന്ത്യൻ സ്വാതന്ത്ര്യസേനാനികളുടെ സംഘടനയായ കോൺഗ്രസ്പാർട്ടി ഭരിക്കുന്ന കേരളത്തിൽ ഇവിടുത്തെ അതിപുരാതന ക്രൈസ്തവസഭയെ കീഴ്പ്പെടുത്തുവാൻ ശ്രമിക്കുന്ന വൈദേശിക അധിനിവേശക്കാരെ നിയമവും നീതിയും ഉപയോഗിച്ച് തടയുന്നതിനു പകരം അവരെ സംരക്ഷിച്ച് അവരുടെ മേലദ്ധ്യക്ഷനെ ഇവിടെ വരുത്തി വന്ദ്യവയോധിക ശ്രേഷ്ഠപിതാവായിരുന്ന പ. മാത്യൂസ് ദ്വിതീയൻ ബാവായെ ആലസ്യവിധേയനാക്കി തീർത്തതും സഭയിലെ ഉന്നതന്മാരുടെ ഉന്മാദം മാത്രമല്ല. അവരൊക്കെ ആ വൈദേശിക പിതാവിന്റെ സ്വീകരണ പന്തലിൽ പോയി കൂവലു വാങ്ങിയും അനുഗ്രഹം വാങ്ങിയും വിഘടിതരുടെ വീര്യം വർദ്ധിപ്പിച്ചു. ആലുവായിൽ അലമുറയിട്ടു കൂടി അഡ്വക്കേറ്റ് ജനറലിന്റെ ഭാര്യയെ ഇറക്കിവിട്ട് കാറുകത്തിച്ച അക്രമികളെ അറസ്റ്റു ചെയ്ത നിയമപാലകരുടെ തൊപ്പി തെറിപ്പിച്ചതും എഴുതിതന്ന ഉറപ്പുലംഘിച്ചതും ഓർത്തഡോക്സ് മെത്രാന്മാരുടെ അമിതമിതവാദവും ക്രൈസ്തവ ദർശനവുമാണ്. അതു ബലഹീനതയായി കരുതി വിഘടിതരും രാഷ്ട്രീയ ഭിക്ഷാംദേഹികളും ഈ സഭയെ സിറിയൻ തീരത്തെത്തിച്ച് "എന്റെ രാഷ്ട്രീയ സ്ഥാനമാനങ്ങളേക്കാൾ വലുത് എന്റെ സഭയാണെന്നും അതിനുവേണ്ടി എന്റെ അധികാരക്കസേര വെടിയേണ്ടി വന്നാൽ വെടിയു"മെന്ന് പ്രഖ്യാപിക്കുകയും ചെയ്ത തങ്കച്ചനേയും ബെന്നിയേയും ജേക്കബിനേയും സംരക്ഷിക്കാൻ ഓർത്തഡോക്സ് നേതാക്കൾ സഭയെ ഒറ്റുകൊടുക്കല്ലേയെന്നു കേണപേക്ഷിക്കുന്നു.

ദേവലോകത്ത് ബാവാ തിരുമേനിയുടെ ദേഹവിയോഗത്തോടനുബന്ധിച്ചെത്തിയ മന്ത്രി തിരുവഞ്ചൂരിനെ നേരിട്ട വിശ്വാസി സമൂഹത്തെ സ്വാന്ത്വനിപ്പിച്ച സേവേറിയോസ് തിരുമേനിയും ആലുവാ പ്രശ്ന ത്തിൽ പ്രതിഷേധിക്കുവാൻ കോട്ടയം ഭദ്രാസനാസ്ഥാനത്തു കൂടിയ പ്രതിഷേധ യോഗത്തിൽ ആവേശവും തീവ്രതയും പ്രകടിപ്പിച്ച അൽമായവേദി പ്രവർത്തകരെ നിയന്ത്രിച്ചു ശാസിച്ച ഈവാനിയോസ് തിരുമേനിയും ആലുവായിലെ പെരുന്നാളിനു തലേന്ന് ഏതു കൈയ്യേറ്റത്തെയും നേരിടാമെന്ന് ഉറക്കെ പ്രഖ്യാപിച്ചെത്തിയ അൽമായവേദി പ്രവർത്തകരെയും പുതുപ്പള്ളി പള്ളിയിലെ വിശ്വാസികളെയും ജില്ലാഭരണാധികാരികളുടെ സാന്നിദ്ധ്യത്തിൽ സാന്ത്വനം പറഞ്ഞും തലോടിയും തിരിച്ചയച്ച പ. ബാവാ തിരുമേനിയുടെയും യൂഹാനോൻ മാർ മിലിത്തോസ് തിരുമേനിയുടെയും ബോബി വർഗീസ് അച്ചന്റെയും മറ്റു ശ്രേഷ്ഠപുരോഹിതന്മാരുടെയും സംയമനവും ക്ഷമാശീലവും ക്രൈസ്തവദർശനവും ശ്ലാഘനീയം എന്നു പറയുകയും എഴുതുകയും പ്രചരിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

# അരിയും തിന്ന് ആശാരിച്ചിയെയും കടിച്ച്...

ഫിലിപ്പോസ് പൊട്ടയ്ക്കാവേലിൽ

ഓർത്തഡോക്സ് വിശ്വാസികളുടെ സ്വയംസേവന സന്നദ്ധ സംഘടനയായ അൽമായവേദിയുടേയും സമാന സംഘടനകളുടെയും പേരിൽ വിശ്വാസികളെയും സമൂഹത്തെയും തെറ്റിദ്ധരിപ്പിക്കത്തക്ക രീതിയിൽ സഭയേയും സഭയിലെ പിതാക്കന്മാരെയും തീവ്രവാദികൾ എന്നു മുദ്രയടിക്കുന്ന പ്രസ്താവനകൾ ഇറക്കുന്നത് പ. സുന്നഹദോസിന്റെ ദൃഢവും സുചിന്തിതവുമായ പ്രഖ്യാപനത്തിൽ മനംനൊന്ത രാഷ്ട്രീയ മാധ്യമ ബിനാമികളുടെ കുതന്ത്രമാണ്. തങ്ങളുടെ പ്രവർത്തനമേഖലയ്ക്ക് അനുസൃതമായി പ്രവൃത്തിക്കാത്ത മെത്രാന്മാരെയും സംഘടനകളെയും നിർവീര്യമാക്കാൻ ഭരണക്കാരുടെ ഒത്താശയോടുകൂടി ഉപസമിതിയായും സംയുക്ത സമിതിയായും ന്യൂനപക്ഷ കമ്മീഷനായും പല വേഷഭൂഷാദികളും കാട്ടി സഭയിലെ അന്തഃഛിദ്രം നിലനിർത്തി മുതലെടുക്കാൻ ഇവർ ശ്രമിക്കുന്നു.

ഇവർ തന്നെയാണ് വർഷങ്ങളായി സഭയുടെ വർക്കിംഗ് കമ്മിറ്റിയിൽ സ്ഥിരമായിരുന്ന് കേസുകൊടുത്തും നടത്തിയും കോടികൾ തുലച്ചും പ. ബാവാതിരുമേനിയേയും സുന്നഹദോസിനെയും വഴിതെറ്റിച്ചത്. 95-ൽ സുപ്രീംകോടതി വിധി വന്നിട്ട് നാളിതുവരെ കേസു നടത്തിയെടുക്കാൻ തീരുമാനമെടുക്കാതെ സഭാ അന്തരീക്ഷം കലുഷിതമാക്കി കലക്കവെള്ളത്തിൽ മീൻപിടുത്തം തുടരാൻ ബിഷപ്പന്മാരെ അപകീർത്തിപ്പെടുത്തുന്ന പ്രസ്താവന ഇറക്കുന്നത് ആസന്നമായ തിരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ടാണ്.

അൽമായ സംഘടനകളുടെ പ്രധാന ആവശ്യം മെത്രാന്മാരുടെ സ്ഥലംമാറ്റവും റിട്ടയർമെന്റും എന്ന വിഷയവും, അവർക്ക് സ്വകാര്യസമ്പാദ്യങ്ങൾ പാടില്ലെന്നും, സഭാപ്രശ്നങ്ങളിൽ ജനഹിതം മനസ്സിലാക്കി പ്രതികരിക്കണമെന്നുമാണ്. തർക്കങ്ങൾ എപ്പോഴും രണ്ടു വിഭാഗങ്ങൾ തമ്മിലാണ്. സഭയിലും അതു സംഭവിച്ചു. സഭാഭരണഘടന അംഗീകരിച്ച് കോടതി ഉത്തരവ് നടപ്പാക്കി നടപടിക്കു ശ്രമിക്കേണ്ടവർ വേണ്ടവിധം ഗവൺമെന്റിലും രാഷ്ട്രീയ പാർട്ടികളിലും സ്വാധീനം ചെലുത്താതിരുന്നത് ഈ കാലഘട്ടങ്ങളിലെ സഭയുടെ ഉപദേഷ്ടാക്കളായ വർക്കിംഗ് കമ്മിറ്റിയിലെ ചിലരുടെ സ്വാർത്ഥത കൊണ്ടാണ്. കാര്യങ്ങൾ ഇങ്ങനെയിരിക്കെ സഭയുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കണമെന്ന് അപേക്ഷിക്കുന്ന ബിഷപ്പന്മാർ എങ്ങനെ തീവ്രവാദികളാകും.

നീതിന്യായ നിർവ്വഹണത്തിനുള്ള നീതിപാലകരെ ഉപയോഗിച്ച് നീതിപീഠത്തിന്റെ ഉത്തരവുകൾ നടത്തുക എന്നതാണ് ജനാധിപത്യ ഗവൺമെന്റിന്റെ ഭരണഘടനാപരമായ ഉത്തരവാദിത്വം. അതുകൊണ്ടാണ് സാമൂഹികപ്രശ്നമായ ബാബറി മസ്ജിദ് പ്രശ്നം കോടതി ഉത്തരവിനായി കാതോർത്തിരിക്കുന്നത്. കോൺഗ്രസ് പാർട്ടി പിളർന്നപ്പോൾ പാർട്ടിയുടെ കേന്ദ്ര ഓഫീസ് സംഘടനാ കോൺഗ്രസിനനുവദിച്ച കോടതി ഉത്തരവ് ഇന്ദിരാഗാന്ധി അംഗീകരിച്ചു. രാജ്യത്തെ വൈദേശിക അധിനിവേശത്തെ തുരത്തിയ കോൺഗ്രസ് പാർട്ടി ഭരിക്കുന്ന കേരളത്തിൽ സുപ്രീംകോടതി ഉത്തരവു ലംഘിച്ച് വൈദേശിക പിന്തുണയുള്ളവരെ സംരക്ഷിച്ച് സഭാവക പള്ളികളിൽ സംഘർഷം സൃഷ്ടിക്കുന്നത് പ. സുന്നഹദോസോ, തിരുമേനിമാരോ അല്ല. സഭായോജിപ്പിനു വിഘാതമായി നിന്നതും ബദൽ കാതോലിക്കാവാഴ്ചയും വർഗീസിന്റെ ജീവൻ പെരുവഴിയിൽ പൊലിഞ്ഞിട്ട് അന്വേഷിക്കാത്തതും, അടുത്തകാലത്ത് ആലുവാപ്രശ്നത്തിൽ പ. ബാവാമാരെ ആക്ഷേപിച്ചതിന്റെ പിന്നിലും ആരുടെയൊക്കെ പ്രേരണയുണ്ടെന്ന് വിശ്വാസികൾക്ക് അറിയാം. പ. മാത്യൂസ് ദ്വിതീയൻ ബാവായുടെ അന്ത്യകൽപ്പനയിൽ പരാമർശിക്കുന്നതുപോലെ 'കൂടെയുള്ളവർ എന്നു വിശ്വസിച്ചവർ' പ. പിതാവിനെ വ്യസനിപ്പിച്ചു. അതുപോലെ പ. ദിദിമോസ് ബാവായേയും സഭയേയും തങ്ങളുടെ കൈപ്പിടിയിൽ ഒതുങ്ങാത്ത തിരുമേനിമാരെയും സമൂഹമദ്ധ്യേ അവഹേളിതമാക്കാൻ ചില ഉപജാപകസംഘം രാഷ്ട്രീയക്കാരെയും മാധ്യമങ്ങളെയും യഥാവിധി ഉപയോഗിക്കുന്നുവെന്ന് വിശ്വാ സികൾ മനസ്സിലാക്കി പ. ബാവായുടേയും സുന്നഹദോസിന്റെയും ധീരമായ സഭാസംബന്ധ തീരുമാനങ്ങൾക്ക് പരിപൂർണ്ണ പിന്തുണ നല്കണം.

വിഘടിത വിഭാഗം ബിഷപ്പന്മാരുടെ തീവ്രവാദം ഓർത്തഡോക്സ് ബിഷപ്പന്മാർക്ക് ഭൂഷണമല്ലാത്തതു കൊണ്ടു മാത്രമാണ് വിഘടിതരുടെ അവിവേകത്തിനു അനുസൃതമായി അധികാരികളും മാധ്യമങ്ങളും വാർത്തകൾ സൃഷ്ടിച്ച് മാന്യതയുടെ പരിവേഷമണിയുന്നത്. സഭയിലെ വന്ദ്യപിതാക്കന്മാർ വിശിഷ്യാ തെക്കൻ ഭദ്രാസനങ്ങളിലെ ബിഷപ്പന്മാർ വടക്കൻ പ്രദേശങ്ങൾ സന്ദർശിച്ച് അൽപം ആശ്വാസം അരുളിയും ആ പ്രദേശങ്ങളിൽ സഭയെ പീഡിപ്പിക്കുന്ന രാഷ്ട്രീയ മാധ്യമ ഉപജാപകസംഘങ്ങളുടെ ഏഷണി ഭീഷണികൾ കോട്ടയം മുതൽ തെക്കോട്ട് മിതമായി ബോധ്യപ്പെടുത്തുകയും ചെയ്താൽ സഭാനൗകയെ കാറ്റിലും കോളിലും നിന്ന് രക്ഷിക്കാം.

# സർക്കാർ നിലപാടിൽ മലങ്കരസഭ പ്രതിഷേധിക്കുന്നു

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ തർക്കങ്ങൾ പരിഹരിക്കുവാൻ ഉള്ള ശ്രമമെന്ന പേരിൽ കേരള സർക്കാർ ന്യായരഹിതമായി ഇടപെടുന്ന രീതി തീർത്തും പ്രതിഷേധാർഹമാണെന്ന് മലങ്കരസഭാ എപ്പിസ്കോപ്പൽ സുന്നഹദോസ് വിലയിരുത്തി.

മലങ്കരസഭയിലെ പള്ളികൾ സംബന്ധിച്ച് ഉണ്ടായ കോടതിവിധികൾ മാറ്റിവച്ച് പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമം അന്യായമാണ്. സഭാതർക്കത്തെ തുടർന്ന് ഇരുകൂട്ടരും കക്ഷികളായി ന്യായം സ്ഥാപിക്കുന്നതിനുവേണ്ടി 25 വർഷം നടത്തിയ കേസ്സിന്റെ അന്ത്യവിധിയും, അതിനനുസൃതമായ ഉപവിധികളും എല്ലാവർക്കും ബാധകമാണ്. സിവിൽ തർക്കങ്ങൾ സംബന്ധിച്ച അന്ത്യതീരുമാനം ജനാധിപത്യ സംവിധാനത്തിൽ കോടതിയ്ക്കാണ്. ഇത് അനുസരിക്കാൻ കക്ഷികളും സർക്കാരും തയ്യാറാകണം. എന്നാൽ കോടതിവിധിയെ അട്ടിമറിക്കുന്നവർക്ക് ആവശ്യമായ സഹായം നല്കി നിയമവാഴ്ച കേരളസർക്കാർ തകർക്കുകയാണ്. പിറവം, വടകര മുതലായ പള്ളികളിൽ കോടതിവിധിപ്രകാരം സകല അംഗങ്ങളും സഭാഭരണഘടന അംഗീകരിച്ചപ്പോഴും അവിടെ അതിനെതിരായി നടക്കുന്ന ലംഘനത്തെ സർക്കാർ വഴിവിട്ട് സഹായിക്കുന്നതിൽ സുന്നഹദോസ് പ്രതിഷേധിക്കുന്നു. ഇത് നിയമനിഷേധം വ്യാപകമാക്കാനും, നീതിവാഴ്ച തകർക്കാനും മാത്രമേ സഹായമാകൂ.

ഇടവക പള്ളികൾക്ക് ബാധകമായ സഭാഭരണഘടന ഉപേക്ഷിച്ച് പുതിയ ഭരണഘടന സൃഷ്ടിച്ച് സഭ വിട്ടവർ അക്രമം അഴിച്ചുവിടും മുമ്പ് പൂട്ടികിടക്കുന്ന പള്ളികൾ നിയമാ നുസൃതം തുറക്കാൻ നടപടി സ്വീകരിക്കുന്നുവെങ്കിൽ അത് സ്വാഗതാർഹമാണ്. എന്നാൽ കോടതിവിധികൾ മാറ്റിവച്ച്, സഭയുമായി ആലോചന നടത്താതെയും സർക്കാർ ഏകപക്ഷീയമായും, നിയമവിരുദ്ധമായും പള്ളികൾ തുറക്കുന്ന നടപടിയിൽ സഭ പ്രതിഷേധിക്കുന്നു. കോലഞ്ചേരി, കടമറ്റം പള്ളികൾ തുറന്നപ്പോൾ നിലവിലിരുന്ന ഈ പള്ളികൾ സംബന്ധിക്കുന്നതായ കോടതിവിധികൾ കാറ്റിൽ പറത്തുകയായിരുന്നു.

ഇതുവരെ പ്രശ്നങ്ങൾ ഇല്ലാതിരുന്നതും, ഭരണഘടനപ്രകാരം ഭരിക്കപ്പെട്ടിരുന്നതുമായ പള്ളികളിൽ വിരുദ്ധവിഭാഗം പ്രശ്നം സൃഷ്ടിക്കുവാൻ ശ്രമിക്കുകയാണ്. സുൽത്താൻബത്തേരി സെന്റ് മേരീസ്, വടക്കനാട് സെന്റ് തോമസ്, കോറോം സെന്റ് മേരീസ് എന്നീ ദേവാലയങ്ങളിൽ ഇങ്ങനെ നടന്നുവരികയാണ്. ഇവിടങ്ങളിൽ ഈ സമരങ്ങൾ അരങ്ങേറുന്നത് സർക്കാർ പിന്തുണയോടു കൂടിയാണ് എന്നുള്ളത് പ്രതിഷേധാർഹമാണ്. ആസന്നമായ നിയമസഭാ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് അക്രമം ചെയ്യുന്നവരെ പ്രീണിപ്പിക്കുവാൻ സർക്കാർ നടത്തുന്ന നടപടികൾ അപലപനീയമാണ്. ഉദ്യോഗസ്ഥ സംവിധാനങ്ങളെയും, പോലീസ് സേനയേയും ദുരുപയോഗപ്പെടുത്തി സഭയുടെ ന്യായമായ അവകാശങ്ങൾ അവഗണിക്കുന്ന സർക്കാരിന്റെ നടപടിയിൽ സഭയ്ക്ക് ഉത്കണ്ഠ ഉണ്ട്. സഭ പിളർക്കാനും, പങ്കിടാനും ഉള്ളതല്ല. കോടതികളിൽ നിന്നും ഉണ്ടായ തീർപ്പ് അംഗീകരിച്ച് സഭ ഒന്നാകണം എന്നാണ് മലങ്കരസഭ ആഗ്രഹിക്കുന്നത്. നിയമവിരുദ്ധമായി വിഘടിച്ച് നില്ക്കുന്നവർക്ക് നിലനിൽപ് സൃഷ്ടിക്കുവാൻ സഹായം ചെയ്യുന്ന സർക്കാരിന്റെ നിലപാട് ജനാധിപത്യത്തോടും, നീതിന്യായ ക്രമീകരണങ്ങളോടും ഉള്ള വെല്ലുവിളിയായി സഭ വിലയിരുത്തുന്നു. മലങ്കരസഭയോട് അനുവർത്തിക്കുന്ന അനീതിപൂർവ്വമായ സർക്കാരിന്റെ നടപടികൾ ജനങ്ങളെ അറിയിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുവാനും സുന്നഹദോസ് തീരുമാനിച്ചു.

## വൈദികരെ സംഘടിപ്പിക്കുന്നു

കോട്ടയം: അൽമായവേദിയെ ഇല്ലായ്മ ചെയ്യാൻ കോട്ടയം ഭദ്രാസനത്തിലെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ പട്ടംകൊടുത്ത വൈദീകരെ സംഘടിപ്പിക്കുവാൻ ശ്രമം ആരംഭിച്ചു. തിരുമേനിയെ ഉപദേശിച്ച് അബദ്ധത്തിൽ ചാടിച്ച ഏതാനും വൈദീകരാണ് ഈ നീക്കത്തിനു പിന്നിൽ. ഭൂരിപക്ഷം വൈദീകരും ഈ നീക്കത്തിനു എതിരാണെങ്കിലും അച്ചടക്കനടപടിയുടെ ഭീഷണി ഉയർത്തിയാണ് വൈദീകരെ സംഘടിപ്പിക്കുന്ന തെന്നറിയുന്നു. തങ്ങൾ പീഡിപ്പിക്കപ്പെടുമെന്ന ഭയത്തിലാണ് ധർമ്മസങ്കടത്തിലായ വൈദീകർ.

## മലങ്കര വർഗീസ് വധം:
## സി. ബി. ഐ അന്വേഷണം തേടി ഭാര്യ ഹൈക്കോടതിയിൽ

കൊച്ചി: മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മിറ്റി അംഗമായിരുന്ന ടി. എം. വർഗീസിനെ വെട്ടിക്കൊലപ്പെടുത്തിയ കേസിൽ കുറ്റപത്രം വൈകുന്നതിന് ഹൈക്കോടതി വിശദീകരണം തേടി. കേസന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് ക്രൈംബ്രാഞ്ച് ഡി. ജി. പി. യുടെ അംഗീകാരത്തിനയച്ചു മാസങ്ങൾ കഴിഞ്ഞെങ്കിലും കോടതിയിൽ കുറ്റപത്രം നൽകാൻ കഴിയാത്തതെന്താണെന്നാണ് ജസ്റ്റീസ് കെ. പത്മനാഭൻനായർ ആരാഞ്ഞിരിക്കുന്നത്.

സംഭവത്തെപ്പറ്റി സി. ബി. ഐ. അന്വേഷണം ആവശ്യപ്പെട്ട് കൊല്ലപ്പെട്ട വർഗീസിന്റെ ഭാര്യ സാറാമ്മ സമർപ്പിച്ച ഹർജിയിൽ പ്രാഥമികവാദം കേൾക്കവെയാണ് പത്ത് ദിവസത്തിനകം അന്വേഷണത്തിന്റെ നിലവിലുള്ള അവസ്ഥ അറിയിക്കാൻ ജസ്റ്റീസ് കെ. പത്മനാഭൻ നായർ ആവശ്യപ്പെട്ടത്. 2002 ഡിസംബർ 5 ന് പെരുമ്പാവൂരിൽ വച്ചാണ് മലങ്കര വർഗീസ് കൊല്ലപ്പെട്ടത്. കേസന്വേഷണം പൂർത്തിയാക്കി ക്രൈംബ്രാഞ്ച് ഇതുവരെയും കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടില്ല. പാത്രിയർക്കീസ് പക്ഷത്തെ ചില ഉന്നതരുമായി ഗൂഢാലോചന നടത്തിയശേഷം വാടക ഗുണ്ടകളാണ് കൊല നടത്തിയതെന്ന് ഹർജിക്കാരി ബോധിപ്പിച്ചു. എന്നാൽ പ്രതികളുടെ രാഷ്ട്രീയ സ്വാധീനം നിമിത്തം ഇതുവരെയും കോടതിയിൽ കുറ്റപത്രം നൽകിയില്ല. കേസന്വേഷണം പൂർത്തിയായതായും കുറ്റപത്രം ഡി. ജി. പി. യുടെ അംഗീകാരത്തിന് അയച്ചിരിക്കുകയാണെന്നും പബ്ലിക് പ്രോസിക്യൂട്ടർ കോടതിയിൽ പറഞ്ഞു.

(മംഗളം, ചന്ദ്രിക 1-3-2006)

## കാതോലിക്കാദിനത്തിൽ കൂനൻകുരിശിലേക്ക് തീർത്ഥയാത്ര

**കാതോലിക്കാ ദിനമായ ഏപ്രിൽ 2-ാം തീയതി ഞായറാഴ്ച അൽമായവേദിയുടെ ആഭിമുഖ്യത്തിൽ മട്ടാഞ്ചേരിയിലുള്ള കൽക്കുരിശിലേക്ക് ഒരു തീർത്ഥയാത്ര നടത്തുന്നതാണ്. അന്ന് മട്ടാഞ്ചേരി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ നടക്കുന്ന അർദ്ധദിന സഭാചരിത്ര സെമിനാറിലും പങ്കെടുത്ത് അന്നുതന്നെ തിരികെ എത്തുന്നതാണ്. താല്പര്യമുള്ളവർ സെക്രട്ടറിയുടെ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ് (0481 – 2517406, 0481 – 3957546, 9847563188)**

സഭയുടെ ഭിത്തിയെ ബലവത്താക്കുവാനും സഭാഗാത്രത്തിന് ശക്തി പകരുവാനുമായി അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരിക്കുന്നത്.
Printed and Published by K. V. Abraham Koduvath (Working President) on behalf of Akhila Malankara Orthodox Almayavedi (Reg. No. K 713/2005), PB No. 652, Kottayam
Editor: Mathews Thyparamban. DTP & Printing: Joice Thottackad, Sophia Print House, Surya Guest Line, Thekkenada, Kottayam, Ph: 0481 - 3955054, 99471 20697